ടൂറിസം വികസിപ്പിക്കാനുള്ള നടപടികൾ.

193. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പ് മന്ത്രിസദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസിപ്പിക്കുന്നതിനു് എന്തെല്ലാം നടപടികളാണു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു് ;

(ബി) കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ഒരു ടൂറിസ്റ്റു കേന്ദ്രമായി വികസിപ്പിക്കുന്നതിനു് അനുകൂലമായ സാഹചര്യങ്ങൾ അവിടെയുണ്ടോ ;

(സി) ശാസ്താംകോട്ട ഒരു ടൂറിസ്റ്റു കേന്ദ്രമാക്കുന്നതിനു് എന്തെങ്കിലും നടപടി നേരത്തെ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ടൂറിസം വികസിപ്പിക്കുന്നതിനു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രധാനമായവ താഴെ ചേർക്കുന്നു:

1. ടൂറിസ്റ്റുകൾക്കു് താമസസൗകര്യം, ഭക്ഷണസൗകര്യം മുതലായ ആധുനിക രീതിയിൽ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറുവക ഹോട്ടലുകളിലും ടൂറിസ്റ്റു ബംഗ്ലാവുകളിലും, പി. ഡബ്ലിയു. ഡി. റസ്റ്റുബംഗ്ലാവുകളിലും ഏർപ്പാടുചെയ്യുക.

2. പുതിയ ടൂറിസ്റ്റു ബംഗ്ലാവുകൾ, റസ്റ്റു ഹൗസ്സുകൾ മുതലായവ നിർമ്മിക്കുക.

3. ടൂറിസ്റ്റുകൾക്കു് ഉല്ലാസയാത്രക്കു് ബോട്ടുകൾ ഏർപ്പെടുത്തുക.

4. ടൂറിസ്റ്റുകളുടെ സൗകര്യത്തെ പരിഗണിച്ചു് ടൂറിസ്റ്റു് കോച്ചുകൾ ഏർപ്പെടുത്തുക.

5. കേരളത്തിൻെറ ടൂറിസ്റ്റു പ്രാധാന്യത്തേയും പ്രത്യേകതകളേയും പറ്റി ഇൻഡ്യക്കകത്തും വിദേശരാജ്യങ്ങളിലും പ്രചരണം നടത്തുക.

6. അന്യദേശങ്ങളിലെ ട്രാവൽ ഏജൻസികളെ ക്ഷണിച്ചുവരുത്തി കേരളത്തിൻെറ ടൂറിസ്റ്റു പ്രാധാന്യത്തെ നേരിൽ കാണിച്ചുകൊടുക്കുക.

7. ട്രാവൽ ഏജൻസികളുടെ പ്രവർത്തനത്തിനു് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു് ഉതകുന്ന പരിപാടികൾ മൂന്നാം പഞ്ചവത്സരപദ്ധതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

(ബി,സി) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ചു് അന്വേഷിച്ച ഗവണ്മെൻറിനു് റിപ്പോർട്ടുസമർപ്പിച്ച State Tourist Traffic Advisory കമ്മിറ്റിയുടെ നിർദ്ദേശത്തിൽ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ശാസ്താംകോട്ട ഒരു ടൂറിസ്റ്റു കേന്ദ്രമാക്കി വികസിപ്പിക്കുന്നതു് ശുപാർശചെയ്തിട്ടില്ലാത്തതുകൊണ്ടു് യാതൊരു നടപടിയും ഇക്കാര്യത്തിൽ എടുത്തിട്ടില്ല.

പാലം പൊളിച്ചു പണി

194. [6] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം—വൈക്കം റോഡിൽ കടുത്തുരുത്തിപാലം പൊളിച്ചു പണിയുന്ന ജോലിയുടെ എസ്റ്റിമേറ്റു് തുക എത്ര ;

(ബി) ടി പാലംപണി ആരംഭിച്ചോ ;

(സി) എങ്കിൽ എന്നത്തേക്കു് പണി പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly